2997

2 4 MAY 2019

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നോർക്ക വകുപ്പ് - നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിലെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നോർക്ക (എ) വകുപ്പ്

**സ.ഉ.(സാധാ) നം.225/2019/നോർക്ക** തീയതി,തിരുവനന്തപുരം, 21/05/2019

---

പരാമർശം:- 1 നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30.04.2019 തീയതിയിലെ 834/ജി/2019/റൂട്ട്സ് നമ്പർ കത്ത്

2 06.05.2019 തീയതിയിലെ നോർക്ക വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

വിദേശത്ത് ജോലി ചെയ്യുന്ന പാവപ്പെട്ട മലയാളികൾ അസുഖ ബാധിതരായി മടങ്ങേണ്ടി വരുമ്പോൾ അല്ലെങ്കിൽ പ്രവാസികളുടെ ഭൗതികാവശിഷ്ടം നാട്ടിലെ എയർപോർട്ടിൽ നിന്നും അവരവരുടെ വീട്ടുകളിലേയ്ക്കോ ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്കോ എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തണമെന്ന വിദേശമലയാളികളുടെ ദീർഘ കാലമായുള്ള ആവശ്യം പരിഗണിച്ച്, സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്'. പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി 2019-2020 സാമ്പത്തിക വർഷം 2230-01-103-63 (P) എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 60,00,000/- രൂപയുടെ ഘടകങ്ങൾ തിരിച്ചുള്ള വിശദമായ ശിപാർശ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു.

പ്രസ്തുത ശിപാർശ 06.05.2019-ൽ കൂടിയ നോർക്ക വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും, നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതിക്കായി, 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2230-01-103-63(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60,00,000/- (അറുപത് ലക്ഷം രൂപ മാത്രം), സേവന ദാതാവ് ഹാജരാക്കുന്ന ബില്ലുകളുടെയും, നിരക്കുകളുടെയും സാധുത നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണെന്നുള്ള വ്യവസ്ഥയിന്മേൽ, താഴെപ്പറയുന്ന ഘടകങ്ങൾ പ്രകാരം ഭരണാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമം നം. | ഘടകങ്ങൾ | സാമ്പത്തിക ലക്ഷ്യം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ആംബുലൻസ് സർവ്വീസ് ചാർജ്ജും മറ്റ സഹായവും. സേവന ദാതാവിനുള്ള ചാർജ്ജുകൾ (ഐ.എം.എ), വർഷത്തിൽ 450 ഗുണഭോക്താക്കൾ, ഒരാളിന് ഏകദേശം 10,000/- രൂപ നിരക്കിൽ | 45 |
| 2 | ഹെൽപ്പ് ഡെസ്കിനും, അതുമായി ബന്ധപ്പെട്ട മറ്റ പ്രവർത്തനങ്ങൾക്കുമായി ഐ.എം.എ-യ്ക്ക് നൽകേണ്ടത്- പ്രതിമാസം 20,000 രൂപ നിരക്കിൽ | 2.4 |
| 3 | ഭരണപരമായ ചെലവുകൾ, സ്റ്റേഷനറി, പോസ്റ്റേജ്, മറ്റ ചെലവുകൾ മുതലായവ | 4.2 |
| 4 | ബോധവൽക്കരണത്തിനും നിരീക്ഷണത്തിനും | 8.4 |
| | ആകെ | 60 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-63(P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60,00,000/- (അറുപത് ലക്ഷം രൂപ മാത്രം) വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച മേൽഘടകങ്ങൾ പ്രകാരം ചെലവഴിച്ച്, നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സേവന ദാതാവ് ഹാജരാക്കുന്ന ബില്ലുകളുടെയും, നിരക്കുകളുടെയും സാധുത നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.
4) പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്.
5) ധനകാര്യ വകുപ്പ്.
6) നോർക്ക (ബി) വകുപ്പ്.
7) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ